**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2627** **02-08-2021 - ൽ മറുപടിയ്ക്ക്**

**പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഗുഡ് സർവീസ് എൻട്രി റദ്ദാക്കിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 24.10.2020-ന് റവന്യൂ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറി ഇറക്കിയ ഉത്തരവിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പ് വിവരാവകാശനിയമം, 2005 പ്രകാരം നൽകിയ റവന്യൂ വകുപ്പിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അണ്ടർ സെക്രട്ടറിയുമായ വ്യക്തിയുടെ ഗുഡ് സർവീസ് എൻട്രി റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 15.07.2021-ന് പുറത്തിറക്കിയ ഉത്തരവിൽ റദ്ദാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ഉത്തരവിന് നിയമസാധുതയുണ്ടോ; വ്യക്തമാക്കാമോ; | (എ) | വിവരാവകാശ നിയമം പ്രകാരം രേഖകൾ നൽകിയതിന് ഗുഡ് സർവ്വീസ് എൻട്രി റദ്ദ് ചെയ്തിട്ടില്ല. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയ ഗുഡ് സർവ്വീസ് എൻട്രി അദ്ദേഹം തന്നെ റദ്ദ് ചെയ്യുകയാണ് ചെയ്തത്. ഇത് സംബന്ധിച്ച് മന്ത്രിക്ക് ലഭിച്ച പരാതി പരിശോധനയ്ക്കായി ചീഫ് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഉത്തരവ് ഇറക്കിയത് വകുപ്പ് മന്ത്രിയുടെ അറിവോടെയാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | അല്ല. |
| (സി) | റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി 15.07.2021- ന് ഇറക്കിയ ഉത്തരവിൽ I am of the view that she is not eligible for Good service Entry, Therefore I hereby cancel എന്ന വാചകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഉദ്യോഗസ്ഥന്റെ ഈ നടപടി നിയമവിരുദ്ധമാണോ എന്ന് പരിശോധിയ്ക്കുമോ; നിയമവിരുദ്ധമെങ്കിൽ ഈ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിയ്ക്കുമോ; വ്യക്തമാക്കാമോ? | (സി) | ഉത്തരവിലെ വാചകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി തന്നെ ചില ഭേദഗതി വരുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച റവന്യൂ മന്ത്രിക്ക് ലഭിച്ച പരാതി പരിശോധിച്ച് വിവരം നൽകുന്നതിനായി ചീഫ് സെക്രട്ടറിയക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ